പിന്നോക്കസമുദായവിദ്യാർത്ഥികളുടെ സൗജന്യം

*൪൭൪. (൪൨) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അവശസമുദായസംരക്ഷണഡിപ്പാർട്ട്മെൻറ മുഖാന്തിരം നടത്തുന്ന പയൽ സ്കൂളിലെ ഹരിജൻ വിദ്യാർത്ഥികൾക്ക് ഈ കൊല്ലം പാഠപുസ്തകങ്ങൾ ഗവൺമെണ്ടിൽനിന്നും നൽകിയോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) പകൽ സ്കൂളുകളിൽ പഠിക്കുന്ന ഹരിജനവിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി കൊടുക്കുന്നുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) നൽകിയിട്ടുണ്ട്.

(ബി) ഫൻ൫൦ ആഗസ്റ്റ് മാസത്തിൽ.

(സി) ഉണ്ട്.

വില്ലേജ് പഞ്ചായത്ത്

*൪൭൫. (൪൨) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതിയ പഞ്ചായത്തു ബില്ലനുസരിച്ചു തിരുവിതാംകൂർ–കൊച്ചിയിൽ എത്ര പഞ്ചായത്തുകൾ ഉണ്ടായിരിക്കും;

(ബി) പുതിയ പഞ്ചായത്തു തെരഞ്ഞെടുപ്പ് എന്നത്തേക്ക നടപ്പിൽ വരുത്താനാണുദ്ദേശിക്കുന്നതു?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉദ്ദേശം ൩൦൦ പഞ്ചായത്തുകളുണ്ടായിരിക്കും.

(ബി) സമ്മതിദായകന്മാരുടെ പട്ടിക പുത്തിയായാൽ ഉടൻ.

വിദ്യാഭ്യാസസഹായം

*൪൭൬. (൪൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി കുറിച്ചി ഗേൾസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ അദ്ധ്യായനം നടത്തുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക പിന്നോക്കസമുദായഡിപ്പാർട്ട്മെൻറ മുഖേന നൽകപ്പെടുന്ന സഹായധനം ലഭിക്കാതിരിക്കുന്ന വിവരം ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികൾ നടത്തി?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) ഉണ്ട്.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക സഹായധനം ലഭിക്കുന്നതിനു് എല്ലാടകം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly